68 (1517) ചീരോത്ത് കുളം വനം

<u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാവിലുംപാറ പഞ്ചായത്തിൽ ചീരോത്ത് കുളം വനത്തിൽ സ്വകാര്യവ്യക്തി മരംമുറിക്കാൻ നടത്തുന്ന ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശം കെ.പി.ടി. ആക്ടിന്റെ സെക്ഷൻ 5 അനുസരിച്ച് നോട്ടിഫൈ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

69 (1518) ശബരിമല നടവരവ്

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> :

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) തീർത്ഥാടനകാലത്ത് ഏറെ ട്രാഫിക് ഉണ്ടാകാറുള്ള ചാലക്കയം-പമ്പാ റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ശബരിമലയിലെ നടവരവ് ഓരോ ഇനത്തിലും എത്രയായിരുന്നെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ വർഷങ്ങളിൽ ശബരിമലയിൽ ബോർഡ് നടത്തിയിട്ടുള്ള മരാമത്തു പണികൾ എന്തൊക്കെയായിരുന്നുവെന്നും ചെലവഴിച്ച തുക എത്രവീതമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) തീർത്ഥാടന കാലത്ത് അല്ലാതെ സാധാരണ മാസങ്ങളിലെ ആദ്യദിവസങ്ങളിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തൻമാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ അവസരത്തിൽ അയ്യപ്പഭക്തൻമാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദേവസ്വംബോർഡിന്റെ ചുമതലയിൽ സന്നിധാനത്തും പമ്പയിലും കൂടുതൽ കക്കൂസുകൾ സ്ഥാപിച്ച് തീർത്ഥാടകർക്കുള്ള പ്രാഥമിക സൗകര്യങ്ങൾ വിപുലപ്പെടുത്തി. പ്രസാദനിർമ്മാണ വിതരണ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

വിപുലപ്പെടുത്തി മുടക്കംകൂടാതെ വിതരണം സാധ്യമാക്കി. കൂടുതൽ ജലസംഭരണടാങ്കുകൾ സ്ഥാപിച്ചതുമൂലം ശുദ്ധജലവിതരണം പര്യാപ്തമാക്കി. കെട്ടിടങ്ങൾ പുതുതായി നിർമ്മിച്ച് ഭക്തൻമാരുടെ താമസൗകര്യം വർദ്ധിപ്പിച്ചു. പമ്പയിൽ 320 കെ.വി.എ. യുടെ ജനറേറ്റർ സ്ഥാപിച്ചതുമൂലം വൈദ്യുതി വിതരണത്തിലെ തടസ്സംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞു. പമ്പാ പാർക്കിംഗ് ഗ്രൗണ്ട് കോൺക്രീറ്റ് ചെയ്തതുമുഖേന ഗ്രൗണ്ട് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ കഴിഞ്ഞു. ചാലക്കയം-പമ്പാ റോഡ് വീതികൂട്ടിയതുമൂലം ടി റോഡിൽ ഗതാഗതക്കുരുക്ക് ലഘൂകരിക്കാൻ കഴിഞ്ഞു. പമ്പ മുതൽ ശബരിമലവരെയുള്ള പാരമ്പര്യപാതയിൽ കേബിളിട്ട് താത്കാലികമായി ലൈറ്റുകൾ സ്ഥാപിച്ചു. ഇതുമൂലം വൈദ്യുതി തകരാറ് ഉണ്ടായ മാസങ്ങളിൽ തീർത്ഥാടകർക്ക് മലകയറിയിറങ്ങുവാനുള്ള ബുദ്ധിമുട്ട് ഒഴിവായി. ദേവസ്വംബോർഡിനെ കൂടാതെ അയ്യപ്പഭക്തൻമാരുടെ ക്ഷേമത്തിനായി പോലീസ്, ജല അതോറിട്ടി, ഇലക്ട്രിസിറ്റി ബോർഡ്, ആരോഗ്യം, റവന്യൂ, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പുകളും മറ്റ് പൊതുഭരണസ്ഥാപനങ്ങളും മെച്ചപ്പെട്ട രീതിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പോലീസുകാരെ വിന്യസിച്ചു. പമ്പ, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിലും പത്തനംതിട്ട ആശുപത്രിയിലും കാർഡിയോളജിസ്റ്റുകൾ ഉൾപ്പെടെ കൂടുതൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തി ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കി. തീർത്ഥാടകർക്കാവശ്യമായ കുടിവെള്ള വിതരണത്തിന് മുൻകൊല്ലത്തെ അപേക്ഷിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നും പമ്പ, എരുമേലി എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവീസ് നടത്തി. തിരക്കുള്ള സമയങ്ങളിൽ നിലക്കലിൽ നിന്നും ചെയിൻ സർവീസ് ഏർപ്പെടുത്തി. പൊതുമരാമത്തുവകുപ്പ് ശബരിമലയിലേയ്ക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി. വനംവകുപ്പ്, അഗ്നിശമനസേനാ വിഭാഗം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, വൈദ്യുതിബോർഡ്, എക്സൈസ്, സിവിൽ സപ്ലൈസ്, ജില്ലാ ഭരണകൂടം എന്നിവയും തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു.

(ബി) നടപടികൾ സ്വീകരിച്ചു.

(സി) റോഡ് വീതികൂട്ടിയതുകാരണം ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ലഘൂകരിക്കാൻ കഴിഞ്ഞു.

(ഡി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ശബരിമലയിലെ നടവരവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) 1996-97, 1997-98, 1998-99 വർഷങ്ങളിൽ പൂർത്തിയാക്കിയ പ്രധാനപ്പെട്ട മരാമത്തുപണികൾ താഴെ വിവരിക്കുന്നു :

ശബരിമല പാണ്ഡിത്താവളത്ത് ലാട്രിൻ കോംപ്ലക്സുകളുടെ നിർമ്മാണം, ശബരിമലയിൽ വാട്ടർടാങ്കിന്റെ നിർമ്മാണം, ഭക്തൻമാരുടെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ ഡോണർ കെട്ടിടങ്ങൾ, അപ്പാ-അരവണ പ്രസാദങ്ങൾ നിർമ്മിക്കുവാൻ ആധുനികരീതിയിലുള്ള ഹീറ്ററുകളും ബോയിലറുകളും സ്ഥാപിക്കൽ, ദർശനം കാത്ത് ക്യൂനിൽക്കേണ്ടിവ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രുന്ന തീർത്ഥാടകർക്ക് വെയിലും മഴയും ഏൽക്കാതിരിക്കുവാൻ നടപ്പന്തൽ ശരംകുത്തിവരെ നീട്ടുന്ന ജോലി, പമ്പയിൽ പുതിയ ലാട്രിൻ കോംപ്ലക്സുക ളുടെ നിർമ്മാണം, പമ്പ പോലീസ് ഡോർമെറ്ററി കെട്ടിടത്തിന്റെ നിർമ്മാണം, പോലീസ് ബാരക്കിന്റെ നിർമ്മാണം, പമ്പ ത്രിവേണിപാലം മുതൽ ഗണപതി ക്ഷേത്രംവരെയുള്ള പാതയുടെ നവീകരണം, പമ്പാ വർക്കിംഗ് ഗ്രൗണ്ടിന്റെ നവീകരണം, ചാലക്കയം പമ്പാ റോഡിന്റെ വികസനം, പോലീസ്-ദേവസ്വം ജീവനക്കാരുടെ മെസ്സിന്റെ വിപുലീകരണത്തിനായി, സ്റ്റീം ബോയിലറുകളും മറ്റ് ആധുനിക സംവിധാനരീതികളും സ്ഥാപിക്കൽ തീപിടുത്തം ഉണ്ടായാൽ അത് നിയന്ത്രിക്കുന്നതിനായി പമ്പയിലും സന്നിധാനത്തും കൂടുതൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കൽ ശബരിമലയിൽ കേടായ പഴയ കേബിളുകൾ മാറ്റി പകരം പുതിയ കേബിളുകൾ ഇട്ട് ജനറേറ്റർ സംവിധാനം മെച്ചപ്പെടു ത്തുക, വൈദ്യുതി തടസ്സം നേരിട്ടാൽ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പമ്പ യിൽ 325 കെ.വി.എ. യുടെ ഒരു ജനറേറ്റർ സ്ഥാപിച്ചത്, പമ്പാ പാർക്കിംഗ് ഗ്രൗണ്ട് കോൺക്രീറ്റ് ചെയ്ത് കൂടുതൽ വാഹനങ്ങൾ പാർക്കുചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തിയത് എന്നിവയായിരുന്നു പ്രധാന ജോലികൾ. ഈ കാലയളവിൽ പ്രസ്തുത മരാമത്ത് പണികൾക്കുമാത്രമായി 1996-97-ൽ 5 കോടിയോളവും 1997-98-ൽ 7 കോടിയോളവും 1998-99-ൽ 9 കോടിയോളവും ഉൾപ്പെടെ ആകെ 21 കോടിയോളം രൂപ ചെലവായിട്ടുണ്ട്.

(എഫ്)-(എച്ച്) തീർത്ഥാടനകാലത്ത് അല്ലാതെ സാധാരണ മാസങ്ങ ളിലെ അഞ്ച് ദിവസങ്ങളിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തൻമാർക്ക് പൊതുവെ ബുദ്ധിമുട്ടുകൾ ഉണ്ടാകാറില്ല. എന്തെങ്കിലും ചെറിയ ബുദ്ധിമുട്ടു കൾ ഉണ്ടായാൽ അവ പരിഹരിക്കുവാൻ ദേവസ്വംബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ അവസരങ്ങളിൽ വാഹനസൗകര്യം പൊതുവെ കുറ വാണ് എന്ന പരാതി ഉണ്ടാകാറുണ്ട്. മലയാളമാസങ്ങളിലെ അവസാനത്തെ ദിവസം മുതൽ തുടർച്ചയായി മൂന്നു ദിവസങ്ങളിലെങ്കിലും സംസ്ഥാനത്തെ പ്രധാന ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നും ആവശ്യാനുസരണം പമ്പയി ലേയ്ക്ക് ബസ് സർവീസ് ഏർപ്പെടുത്തിയാൽ ഈ അവസരങ്ങളിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമാകുന്നതാണ് എന്ന് ദേവസ്വംബോർഡ് അറിയിച്ചി ട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

70 (1519) ഗുരുവായൂർ ദേവസ്വം കമ്മിറ്റി

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം കമ്മിറ്റിക്കെതിരെ ആരെല്ലാം ആരോ പണം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആരോപണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ; ഈ ആരോപണങ്ങളിൽ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്കെതിരെ ഉള്ള വയും മാനേജിംഗ് കമ്മിറ്റി ചെയർമാനെതിരെ ഉള്ളവയും ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly